എന്നാൽ ഇക്കാര്യത്തിൽ ഒരു പുനർചിന്തനം ആവശ്യമാണെന്ന നിവേദനങ്ങളും പരിഗണനയിലുണ്ട്.

(ബി) മത്സ്യബന്ധനത്തിന് കൊടുത്തിട്ടുള്ള മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറച്ചിട്ടില്ല.

(സി) മത്സ്യബന്ധനത്തിനായി പുതിയ പെർമിറ്റുകൾ അനുവദിക്കുവാൻ തൽക്കാലം നിവൃത്തിയില്ല. പൊതുവിതരണ ശൃംഖലയിലൂടെ ലഭ്യമാകുന്ന മണ്ണെണ്ണ വിളക്ക് കത്തിക്കുന്നതിനും അവശ്യം വേണ്ടുന്ന പാചകാവശ്യങ്ങൾക്കും മാത്രമേ നൽകാൻ പാടുള്ളൂ എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാട്. അതിനാൽ മത്സ്യബന്ധനത്തിനായി കൂടുതൽ മണ്ണെണ്ണ അനുവദിച്ചു നൽകുവാൻ യാതൊരു സാധ്യതയും കാണുന്നില്ല.

92 (718) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ സർക്കാർ പഠിച്ചിട്ടുണ്ടോ;

(ബി) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സംസ്ഥാനത്തെ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ന്യായമായ പാൽവില ഉറപ്പാക്കുക.

2. ഗുണനിലവാരമുള്ള കന്നുകാലിത്തീറ്റ ലഭ്യമാക്കുക.

3. പ്രജനന-വിപണന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക.

4. പുൽക്കൃഷി പ്രോത്സാഹിപ്പിക്കുക.

5. മുന്തിയതരം വിത്തുകാളകളുടെ ബീജം ഉപയോഗിച്ച് ബീജസങ്കലനം നടത്തി നാടൻ പശുക്കളുടെ വർഗ്ഗോദ്ധാരണം നടത്തുക.

6. മലബാർ മേഖലയിൽ കൂടുതൽ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

7. കാലാകാലങ്ങളിൽ ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.

8. പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി വ്യാപിപ്പിക്കുക.

9. എംബ്രിയോ ട്രാൻസ്ഫർ കൃത്രിമ ഭ്രൂണദാന പരിപാടി) മുഖേന മുന്തിയ ഇനം കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കുക.

10. ശാസ്ത്രീയമായ രീതിയിൽ കന്നുകാലി വളർത്തലിന് കർഷകരെ പരിശീലിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

11. മൃഗചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുക.

12 രോഗ നിരീക്ഷണ-നിയന്ത്രണ പരിപാടികൾ സംസ്ഥാന ത്തൊട്ടാകെ വ്യാപിപ്പിക്കുക.

13. ഉൽപ്പാദനശേഷിയുള്ള പശുക്കളെ ഇൻഷ്വർചെയ്യാൻ സഹായിക്കുക.

(സി) ഉണ്ട്.

93 (719) **ക്ഷീരോൽപ്പാദകർക്ക് ഇൻഷ്വറൻസ് പദ്ധതി**

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വി നോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരോൽപ്പാദകർക്ക് ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽപ്പെട്ട കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(സി) എത്ര കർഷകരെയാണ് ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവ രാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്റെ പ്രീമിയം എത്ര രൂപയാണ്;

(ഇ) ഇതിൽ കർഷകന്റെ വിഹിതം എത്ര;

(എഫ്) മറ്റാരെല്ലാമാണ് ഇതിൽ വിഹിതം അടയ്ക്കേണ്ടതെന്ന് വ്യക്ത മാക്കുമോ;

(ജി) ഇതുമൂലം കർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാ ണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 മുതൽ കാമധേനു ഇൻഷ്വറൻസ് പദ്ധതി സംസ്ഥാ നത്ത് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും ക്ഷീരകർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

(സി) ഒരു പഞ്ചായത്തിൽ ഒരു വർഷം 400 കറവപ്പശുക്കളേയും 800 കൃഷിക്കാരേയും വീതം ഉൾപ്പെടുത്തി മൂന്ന് വർഷംകൊണ്ട് 12 ലക്ഷം പശുക്ക ളേയും 24 ലക്ഷം കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേ ശിക്കുന്നത്.

(ഡി) സമഗ്ര പദ്ധതിക്കുള്ള മൊത്തം പ്രീമിയം 895 രൂപയാണ്.

(ഇ) പ്രീമിയത്തിന്റെ മൂന്നിൽ രണ്ട് വരുന്ന ഭാഗമാണ് കർഷക വിഹിതമായി വരുന്നത്. ബാക്കി തുക തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും പദ്ധതി വിഹിതത്തിൽനിന്നും കണ്ടെത്തുന്നു.

(എഫ്) ക്ഷീര സഹകരണ സംഘങ്ങൾക്കോ സന്നദ്ധ സംഘട നകൾക്കോ കർഷക വിഹിതം സംഭാവനയായി നൽകാമെന്ന് പദ്ധതി മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly